മേലെഴുത്ത് നമ്പർ: DTETVM/7094/2024-EA2 (EA) തീയതി: 08.08.2024

സർക്കാർ വിളിച്ചു ചേർക്കുന്ന ഒദ്യോഗിക യോഗങ്ങളിൽ പങ്കെടുക്കുന്ന സംഘടനാ പ്രതിനിധികളായ ജീവനക്കാർ ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുന്ന കാലയളവ് ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദേശം പുറപ്പെടുവിച്ചു കൊണ്ടുള്ള സർക്കാരിൽ നിന്നുള്ള സർക്കുലർ ഈ വകുപ്പിലെ എല്ലാ ജീവനക്കാരുടെയും അറിവിലേക്കായി (www. dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം) അറിയിക്കുന്നു.

Sunilkumar C V
SENIOR ADMINISTRATIVE OFFICER

Signed by
Sunilkumar C V
Date: 09-08-2024 11:58:52

4
5/08

EA

OFFICE OF THE DIRECTOR OF TECHNICAL EDUCATION
06 AUG 2024
THIRUVANANTHAPURAM

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി)വകുപ്പ്**

നം.ഉപ.സി.2/156/2023/ഉഭപവ | തിരുവനന്തപുരം, തീയതി : 27.07.2024

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്- സർക്കാർ വിളിച്ചു ചേർക്കുന്ന ഔദ്യോഗിക യോഗങ്ങളിൽ പങ്കെടുക്കുന്ന സംഘടനാ പ്രതിനിധികളായ ജീവനക്കാർ ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുന്ന കാലയളവ് ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സർക്കാർ വിളിച്ചു ചേർക്കുന്ന ഔദ്യോഗിക യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സർവ്വീസ് സംഘടനാ പ്രതിനിധികൾക്ക് നിലവിൽ അവധി അനുവദിച്ചു നൽകിയിട്ടില്ല എന്നും ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ലീവ്/ അദർ ഡ്യൂട്ടി അനുവദിക്കുന്ന രീതിയാണ് പൊതുവേ സ്വീകരിച്ചു വരുന്നത് എന്നും ഇക്കാര്യത്തിൽ വ്യവസ്ഥാപിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിൽ ഇല്ലാത്തത് പ്രസ്തുത യോഗങ്ങളിൽ പങ്കെടുക്കുന്ന സംഘടനാ പ്രതിനിധികൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട് എന്നും ആയതിനാൽ സർക്കാർ വിളിച്ചു ചേർക്കുന്ന ഔദ്യോഗിക യോഗങ്ങളിൽ പങ്കെടുക്കുന്ന സംഘടനാ പ്രതിനിധികളായ സർക്കാർ ജീവനക്കാർ ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുന്ന കാലയളവ് ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം എന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. സംഘടനാ പ്രതിനിധികളായ ജീവനക്കാർക്കുണ്ടാകുന്ന പ്രയാസവും, സർക്കാർ ഓഫീസുകളിൽ ഉത്തരവാദിത്തപ്പെട്ട ജീവനക്കാർ ബന്ധപ്പെട്ട ഓഫീസിൽ ഇല്ലാതിരിക്കുക വഴി പൊതുജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ചും സർക്കാർ വിളിച്ചു ചേർക്കുന്ന യോഗങ്ങളിൽ തലസ്ഥാനത്തു നിന്നല്ലാതെയുള്ള സംഘടനാപ്രതിനിധികൾ ഓൺലൈൻ മുഖേന മാത്രം പ്രസ്തുത യോഗങ്ങളിൽ പങ്കെടുക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു. തലസ്ഥാനത്തു നിന്നും യോഗത്തിൽ പങ്കെടുക്കുന്നവർക്ക് യോഗത്തിന് ആവശ്യമായ സമയം മാത്രം ഡ്യൂട്ടിയായി പരിഗണിക്കാവുന്നതാണെന്നും നിർദ്ദേശം നൽകുന്നു.

പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർ/ വകുപ്പ് തലവൻമാർ ഉറപ്പാക്കേണ്ടതാണ്.

പുനീത് കുമാർ ഐ.എ.എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ